# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -201 27.02.2017 ൽ മറുപടിയ്ക്ക്

## കിഴക്കേകോട്ട സിറ്റി ബസ് സ്റ്റേഷൻപരിസരത്തെ സാമൂഹ്യവിരുദ്ധരുടെ ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തലസ്ഥാന നഗരത്തിലെ കിഴക്കേകോട്ട സിറ്റി ബസ് പാർക്കിംഗ് പരിസരങ്ങളിലും ബസ് സ്റ്റേഷനുകളുടെ പരിസരങ്ങളിലും സാമൂഹ്യവിരുദ്ധരുടെ ശല്യം വർദ്ധിച്ചുവരുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ബസ് സ്റ്റേഷനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പഴക്കമേറിയതും ഇരുളടഞ്ഞതുമായ കംഫർട്ട് സ്റ്റേഷൻ രാത്രികാലങ്ങളിൽ മദ്യ-മയക്കമരുന്ന മാഫിയയുടെ വിഹാര കേന്ദ്രമായി മാറുന്ന കാര്യം ഗൗരവപൂർവ്വം കാണുമോ;<br><br>(സി) ഇക്കാര്യത്തിൽ അടിയന്തര പരിശോധനയും തുടർനടപടികളും സ്വീകരിക്കുമോ? | (ബി) യും (സി) യും കിഴക്കേകോട്ട സിറ്റി ബസ് പാർക്കിംഗ് പരിസരങ്ങളിലും ബസ് സ്റ്റേഷനുകളുടെ പരിസരങ്ങളിലും സാമൂഹ്യവിരുദ്ധരുടെ ശല്യം ഉണ്ടാകാതിരിക്കാൻ പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. ബീറ്റ് പോലീസുദ്യോഗസ്ഥർക്കും കിഴക്കേകോട്ട എയ്ഡ് പോസ്റ്റിലും ജോലി നോക്കിവരുന്ന പോലീസുദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ഇതിലേയ്ക്ക് മഫ്റ്റി പോലീസ്, ഷാഡോ പോലീസ് എന്നിവരേയും നിയോഗിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ശല്യമുണ്ടാക്കുന്നവരേയും മദ്യപിച്ച് പൊതുശല്യമുണ്ടാക്കുന്നവരേയും പിടികൂടി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. രാത്രികാലങ്ങളിൽ ഈ പ്രദേശത്ത് യാതൊരുകാരണവും കൂടാതെ അലഞ്ഞുതിരഞ്ഞ് നടക്കുന്നവരേയും അപരിചിതരേയും പിടികൂടി സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്ന് വെരിഫൈ ചെയ്ത് ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.